## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 259

28-06-2011-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന വൈദ്യുതി ബോർഡിന് വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കുമോ ; | (എ) | സംസ്ഥാന വൈദ്യുതി ബോർഡിന് വൈദ്യുത ചാർജ്ജ് കുടിശ്ശികയിനത്തിൽ 31.03.2011 ലെ കണക്കനുസരിച്ച് 1191.01 കോടി (രൂപ ആയിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റൊന്ന് കോടി ഒരു ലക്ഷം) രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |
| (ബി) | ഇതിൽ പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, വ്യക്തികൾ എന്നിങ്ങനെ ഇനം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ; | (ബി) | 1. പൊതുമേഖലാ സ്ഥാപനങ്ങൾ& (സംസ്ഥാന) സഹകരണ സ്ഥാപനങ്ങൾ - 407.89 കോടി<br>2. സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും –589.26 കോടി |
| (സി) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, കുടിശ്ശികയ്ക്ക് തവണ വ്യവസ്ഥ അനുവദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കൽ, തുറന്നു പ്രവർത്തിക്കുന്ന എൽ.ടി/ എച്ച്.ടി വ്യവസായങ്ങൾ, പ്ലാന്റേഷനുകൾ എന്നിവയുടെ പൂട്ടികിടന്ന കാലയളവിലെ ഫിക്സഡ് തുക/മിനിമം ഡിമാന്റ് തുക എന്നിവ ഒഴിവാക്കി നൽകുക തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ